# ഡൈക്കോഫോൾ ആണോ മണ്ഡരിക്ക് പ്രതിവിധി?

കേരളത്തിലെ തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരി മൈറ്റ് വർഗ്ഗത്തിൽപ്പെട്ട സൂക്ഷ്മപ്രാണി കീടത്തിനെതിരെ, വ്യാപകമായ തോതിൽ ഡൈക്കോഫോൾ എന്ന രാസകീടനാശിനി സർക്കാരിന്റെ നേതൃത്വത്തിൽ തളിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഉദ്ദേശം 3 കോടിതെങ്ങുകൾക്ക്, തെങ്ങൊന്നിന് 9 മില്ലി എന്ന കണക്കിൽ മൂന്നുഘട്ടങ്ങളിലായി ഒരു കൊല്ലത്തിനുള്ളിൽ ഈ കീടനാശിനി തെളിച്ചാൽ ഉദ്ദേശം ഒരു ലക്ഷം ലിറ്റർ യാതൊരുവിധ പ്രശ്നങ്ങളും ഇല്ലെന്ന കാർഷികശാസ്ത്രജ്ഞൻമാരുടെ അഭിപ്രായം കൂടി കണക്കിലെടുത്താണ് ഈ മരുന്നുതെളി തുടരുന്നത്.

ഡൈക്കഫോൾ എന്ന കീടനാശിനിയുടെ ചരിത്രപരിണാമം പരിശോധിക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കും. 1957ൽ അമേരിക്കയിലെ റോം ആൻറ് ഹാസ് കമ്പനി ആണ് ഈകീടനാശിനി ആദ്യമായി മാർക്കറ്റിൽ എത്തിച്ചത്. ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും നിരോധിച്ച ഡി. ഡി. റ്റി. അടങ്ങിയ ഓർഗാനോക്ളോറിൻ വിഭാഗത്തിൽപ്പെട്ട മാരകമായ കീടനാശിനിയാണ് ഡൈക്കോഫോൾ.

1990 കളിൽ നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ കാരണം ഡൈക്കോഫോൾ ഉപയോഗം പലവിധത്തിൽ നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. സ്വീഡനിൽ ഉപയോഗം പാടേ തടഞ്ഞു. സ്വിറ്റ്സർലൻറിൽ ഗവേഷണങ്ങൾക്കു മാത്രമായി ഉപയോഗം പരിമിപ്പെടുത്തി. യൂറോപ്യൻ യൂണിയനിലാകട്ടെ 0.1% ഡി. ഡി. റ്റി. .യിൽ കൂടുതൽ അടങ്ങിയ ഡൈക്കോഫോൾ നിരോധിച്ചിരിക്കുന്നു.

ഡൈക്കോഫോൾ മനുഷ്യനിൽ മാത്രം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധിക്കുക

**പെട്ടെന്ന് കാണുന്ന ലക്ഷണങ്ങൾ**

തൊലിപ്പുറമെ ചൊറിച്ചിൽ. കണ്ണുനീറ്റൽ, തലവേദന, തലചുറ്റൽ, ക്ഷീണം, ഉത്ക്കാാകുലത, ഛർദ്ദി, നെഞ്ചുവേദന മുതലായവ.

**ദീർഘകാലത്തിലുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ**

1. ഗർഭാശയത്തിനും ഭ്രൂണത്തിനും തകരാറുകൾ
2. കൻസർ രോഗസാധ്യത
3. വൃക്ക,കരൾ എന്നിവയുടെ പ്രവർത്തനതകരാറുകൾ
4. വന്ധ്യത
5. നാഡി തളർച്ച
6. ആസ്തമ
7. ശരീര പ്രതിരോധബലക്ഷയം
8. ശൈശവമരണങ്ങൾ

**നിരന്തരസമ്പർക്കം/അളവിൽ കൂടിയ ഉപയോഗം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ**

1. ഞെട്ടൽ കൊണ്ട് മാംസപേശികൾ വലിയുന്ന അവസ്ഥ
2. പെട്ടെന്ന് ഉണ്ടാകുന്ന രോഗമൂർച്ഛ
3. അപസ്മാരം
4. ബോധക്ഷയം മുതൽ മരണം വരെ

കേരളം പോലെ ജനസാന്ദ്രതയും കൃഷിവൈവിധ്യവും ജലാശയശൃംഖലകളും ഉള്ള ഒരു സ്ഥലത്ത് ഈ കീടനാശിനിപ്രയോഗം സൃഷ്ടിക്കാൻ പോകുന്ന വിപത്തുകൾ നിരവധിയാണ്.